"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്റഗ്രേറ്റഡ് സ്കീം ഫോർ ഡവലപ്മെന്റ് ഓഫ് സിൽക്ക് ഇൻഡസ്ട്രി (സിൽക്ക് സമഗ്ര) - ജനറൽ വിഭാഗത്തിനും, എസ്.സി വിഭാഗത്തിനും കേന്ദ്രവിഹിതമായി കിട്ടിയ തുക കർഷകർക്ക് അനുവദിക്കുന്നതിനും, ആനുപാതികമായ സംസ്ഥാന വിഹിതം '2515-00-102-28-State support for Integrated Scheme for Development of Silk Industry (Silk Samagra) (P)(V)' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.323/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/02/2021

---

പരാമർശം:- 1. കേന്ദ്ര സിൽക്ക് ബോർഡിന്റെ 20.04.2018-ലെ D.O.No.CSB.37/2/EFC/CSS/2017-20.CSS നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 06.05.2019-ലെ 12024/എസ്.ആർ.ഐ.4/2017-18/സി.ആർ.ഡി നമ്പർ കത്ത്.
3. സിൽക്ക് സമഗ്ര പ്രോജക്ട് മോണിറ്ററിങ് കമ്മറ്റിയുടെ 11.10.2019-ലെ 3,4 നമ്പർ യോഗ തീരുമാനം.
4. കേന്ദ്ര സിൽക്ക് ബോർഡിൻറെ 17.01.2020-ലെ No.CSB-64/17/IAC/SCSP&TSP/2019-20/TS നമ്പർ കത്ത്.
5. കേന്ദ്ര സിൽക്ക് ബോർഡിൻറെ 10.02.2020-ലെ No.CSB-37/1/CSS(Silk Samagra)Fund Release(Gen)/2019-20/Vol-2 നമ്പർ കത്ത്.
6. ഗ്രാമവികസന കമ്മീഷണറുടെ 19.06.2020-ലെ 5017/എസ്.ആർ.ഐ/2019-20/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമീണ മേഖലയിലെ സാധാരണ കർഷകരുടെ ജീവനോപാധിയായും സാമൂഹിക സാമ്പത്തിക ഉന്നതിയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് മൾബറി കൃഷിയും പട്ടുനൂൽ പുഴു വളർത്തലും അഥവാ സെറികൾച്ചർ. കേരളത്തിൽ 1983 മുതൽ വിവിധ ഏജൻസികളുടെ പേരിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചുവെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ 2010 മുതൽ സെറികൾച്ചർ പദ്ധതി ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുവാൻ ആരംഭിച്ചു. സെറികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് കേന്ദ്ര സർക്കാർ അതാതു കാലഘട്ടങ്ങളിൽ രൂപീകരിക്കുന്ന കർമ്മ പദ്ധതിയിലൂടെ ആണ് ഇന്ത്യ ഒട്ടാകെ സെറികൾച്ചർ വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. 2015 - 16 കാലയളവ് മുതൽ മൾബറി കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായങ്ങൾ നിറുത്തലാക്കി എങ്കിലും 2017 മുതൽ നടപ്പിലാക്കാൻ ആരംഭിച്ച ഇന്റഗ്രേറ്റഡ് സ്കീം ഫോർ സിൽക്ക് ഡെവലപ്മെന്റ് ഇൻഡസ്ട്രി അഥവാ '**സിൽക്ക് സമഗ്ര**' പദ്ധതി പ്രകാരം ടി ധനസഹായങ്ങൾ പുനഃസ്ഥാപിച്ചു. 2019-20 വർഷ കാലയളവിൽ മൾബറി കൃഷിയിൽ ഏർപ്പെടുന്ന എല്ലാ വിഭാഗത്തിൽ പെട്ട കർഷകർക്കും ധനസഹായം അനുവദിച്ചുകൊണ്ട് കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്.

2)കേരളത്തിലെ സെറികൾച്ചർ പദ്ധതി രൂപീകരണത്തിനും നിരീക്ഷണത്തിനുമായി രൂപം കൊടുത്തിട്ടുള്ള പ്രോജക്ട് മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ച്, കേന്ദ്ര സിൽക് ബോർഡിനു സമർപ്പിച്ച 2019 - 20 വർഷത്തേക്കുള്ള കർമപദ്ധതി പരാമർശം (3) പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ സെറികൾച്ചറിന് സാധ്യതയുള്ളതായി കേന്ദ്ര സിൽക്ക് ബോർഡ് കണ്ടെത്തിയിട്ടുള്ളതും, കൂടുതൽ കർഷകർ ഉള്ളതുമായ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രാതിനിധ്യം കൊടുത്തു കൊണ്ടാണ് കർമപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

3) കേന്ദ്ര മാർഗരേഖക്കനുസൃതമായി ജനറൽ വിഭാഗത്തിൽപെട്ട കർഷകർക്ക് മൾബറി കൃഷി ആരംഭിക്കുന്നതിനായി ഒരേക്കറിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മുതൽ മുടക്കിന്റെ 50% കേന്ദ്ര സർക്കാർ വിഹിതവും, 25% സംസ്ഥാന സർക്കാർ വിഹിതവും, ശേഷിക്കുന്ന 25% കർഷകരുടെ മുതൽ മുടക്കുമായി തയ്യാറാക്കിയിട്ടുള്ള സിൽക്ക് സമഗ്ര പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 100 ഏക്കർ സ്ഥലത്തു ജനറൽ വിഭാഗത്തിൽ വരുന്ന കർഷകരെ കൊണ്ട് മൾബറി കൃഷി ആരംഭിക്കുന്നതിനായി കേന്ദ്ര വിഹിതമായ 224.125 ലക്ഷം രൂപ പരാമർശം 5 പ്രകാരം വിവിധ ഘടകങ്ങൾക്കുമായി അനുവദിച്ച ഗ്രമവികസന കമ്മീഷണറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ എന്ന പോലെ, പട്ടികജാതി വിഭാഗത്തിൽ വരുന്ന കർഷകർക്കും മൾബറി കൃഷി ആരംഭിക്കുന്നതിനായി 1 ഏക്കറിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മുതൽ മുടക്കിന്റെ 65% കേന്ദ്ര സർക്കാർ വിഹിതവും 25% സംസ്ഥാന സർക്കാർ വിഹിതവും ബാക്കി 10% കർഷകരുടെ മുതൽ മുടക്കുമായി തയ്യാറാക്കിയിട്ടുള്ള, സിൽക്ക് സമഗ്ര പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 20 ഏക്കർ സ്ഥലത്തു പട്ടിക ജാതി വിഭാഗത്തിൽ വരുന്ന കർഷകരെ കൊണ്ട് മൾബറി കൃഷി ആരംഭിക്കുന്നതിനായി കേന്ദ്ര വിഹിതമായ 81.225 ലക്ഷം രൂപ പരാമർശം 4 പ്രകാരം വിവിധ ഘടകങ്ങൾക്കായി അനുവദിച്ച് ഗ്രാമവികസന കമ്മീഷണറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്.

4)സെറികൾച്ചർ പദ്ധതിക്ക് കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനവിഹിതം അനുവദിച്ചിട്ടില്ലാത്തതും, സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടിലാത്തതും ആകുന്നു. ജനറൽ വിഭാഗത്തിനും, എസ്.സി വിഭാഗത്തിനുമായി കേന്ദ്ര വിഹിതമായി ആകെ ലഭ്യമായിട്ടുള്ള 305.35 ലക്ഷം രൂപ ആദ്യ ഗഡുവായി കർഷകർക്ക് അനുവദിച്ച് കേന്ദ്ര സിൽക്ക് ബോർഡിൻറെ മാർഗനിർദേശപ്രകാരം വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതിയും, സെറിഫെഡ് ലിക്വിഡേറ്റ് ചെയ്തപ്പോൾ ഗ്രാമവികസന വകുപ്പിന് കൈമാറിക്കിട്ടിയ തുകയിൽ ഇപ്പോൾ അവശേഷിക്കുന്ന തുക "സിൽക്ക് സമഗ്ര" പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതിയിൽ സംസ്ഥാന വിഹിതമായി വകയിരുത്തുന്നതിനുമുള്ള അനുമതിയും സൂചന (2), (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

5)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിൽക്ക് സമഗ്ര പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിനും, എസ്.സി വിഭാഗത്തിനും കേന്ദ്രവിഹിതമായി ലഭ്യമായിട്ടുള്ള 305.35 ലക്ഷം രൂപ കേന്ദ്ര സിൽക്ക് ബോർഡിൻറെ മാർഗരേഖക്കനുസൃതമായും, പദ്ധതിയുടെ കേരളത്തിലെ നിർവഹണ ഉദ്യോഗസ്ഥനായ ഗ്രാമവികസന കമ്മീഷണറുടെ മാർഗനിർദ്ദേശ പ്രകാരവും ആദ്യഗഡുവായി കർഷകർക്ക് അനുവദിക്കുന്നതിനും, സെറികൾച്ചർ പദ്ധതിക്ക് കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനവിഹിതം അനുവദിച്ചിട്ടില്ലാത്തതും സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിട്ടില്ലാത്തതുമായ സാഹചര്യത്തിൽ സംസ്ഥാന വിഹിതം അനുവദിക്കുമ്പോൾ "New Service" നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് '2515-00-102-28-State support for Integrated Scheme for Development of Silk Industry (Silk Samagra) (P)(V)' ശീർഷകത്തിൽ നിന്നും മൾബറി കൃഷിക്കും കൊക്കൂൺ ഉത്പാദനത്തിനും, ആയതിനു ആവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമായി ചെലവഴിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു

6)കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം കണക്കാക്കി, പ്രസ്തുത തുക ഉപധനാഭ്യർത്ഥന വഴി ലഭിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കേണ്ടതുണ്ട്.

7)സെറിഫെഡ് ലിക്വിഡേറ്റ് ചെയ്ത അവസരത്തിൽ ഗ്രാമവികസന വകുപ്പിന് കൈമാറിക്കിട്ടിയ തുകയിൽ ഇപ്പോൾ അവശേഷിക്കുന്ന 1,31,87,832/- രൂപ '0515-00-800-93-Other Items' എന്ന റവന്യൂ ശീർഷകത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പ് (File No. A2/278/2019-PLGEA dated 04.03.2020 പ്രകാരം അറിവിലേക്കായി)
ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ് (File No. Dev.3/169/19/Fin (1353550) dated 16.12.2020 പ്രകാരം അറിവിലേക്കായി)
വെബ് & മീഡിയ വിഭാഗം, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.09 10:28:22 IST
Reason: Approved
സെക്ഷൻ ഓഫീസർ